SET A

# ആത്യന്തിക വിലയിരുത്തൽ - III 2025-26

## മാതൃകചോദ്യപേപ്പർ

## മലയാളം - കേരളപാഠാവലി

ക്ലാസ് : X | സമയം: 1½ മണിക്കൂർ
സ്കോർ : 40

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. **A അല്ലെങ്കിൽ B** എന്നതരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

© State Assessment Cell - SCERT Kerala

**1 മുതൽ 4 വരെ ചോദ്യങ്ങളുടെ ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (1 സ്കോർ വീതം) (4×1=4)**

**1.** "ചീനവലസ്റ്റ് മുകളിൽ ഉറക്കം നടിച്ചിരിക്കുന്ന പൊന്മകൾ." (മുരിങ്ങാമരത്തോപ്പ്)
ഇവിടെ **'ഉറക്കം നടിക്കുക'** എന്നതുകൊണ്ട് അർഥമാക്കുന്നത്?

**A.** ഗാഢമായി ഉറങ്ങുക
**B.** സ്വപ്നം കാണുക
**C.** കപടത കാണിക്കുക
**D.** അലഞ്ഞു നടക്കുക

**2.** കാര്യകാരണബന്ധം വിശകലനം ചെയ്ത് ശരിയുത്തരംകണ്ടെത്തുക.

**കാര്യം** : ക്ലാസിൽ പാഠഭാഗങ്ങൾ ഉറക്കെ വായിക്കാൻ യൂസഫിന് കഴിയുന്നില്ല.
**കാരണം** : യൂസഫിന് അക്ഷരജ്ഞാനം ഇല്ലായിരുന്നു. (തേൻ )

**A.** കാര്യവും കാരണവും ശരി
**B.** കാര്യം തെറ്റ്, കാരണം ശരി
**C.** കാര്യം ശരി, കാരണം തെറ്റ്
**D.** കാര്യവും കാരണവും തെറ്റ്

**3.** 'മനസി രുചിജനകം എന്റെ
ചിറകു മണികനകം ഇതുകൊ-
ണ്ടാകാ നീ ധനികൻ.'

- ഈ സന്ദർഭത്തിൽ പ്രകടമാവുന്ന ഹംസത്തിന്റെ സ്വഭാവസവിശേഷത എന്ത്?

**A.** ധനത്തോടുള്ള അമിതമായ ആഗ്രഹം
**B.** രാജാവിന്റെ തെറ്റുതിരുത്താനുള്ള ആർജവം
**C.** സൗന്ദര്യത്തിലും സമ്പത്തിലുമുള്ള അഹങ്കാരം
**D.** രാജകുടുംബത്തോടുള്ള അതിരറ്റ സ്നേഹം

4. തന്നിരിക്കുന്നവയിൽ ശരിയായി വിഗ്രഹിച്ചെഴുതിയത് ഏത്?

i. വൃക്ഷത്തലപ്പ് - വൃക്ഷത്തിന്റെ തലപ്പ്
ii. നിർമ്മലതടാകം - നിർമ്മലയും തടാകവും
iii. സ്ഫടികപ്പാത്രം - സ്ഫടികം കൊണ്ടുള്ള പാത്രം
iv. ഉത്തരേന്ത്യ - ഉത്തരവും ഇന്ത്യയും

A. ഒന്നും രണ്ടും ശരി
B. രണ്ടും നാലും ശരി
C. ഒന്നും മൂന്നും ശരി
D. എല്ലാം ശരി

**5 മുതൽ 7 വരെ ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക. (3 സ്കോർ വീതം)**
**( 3 × 3 = 9)**

5. 'ദ്രോണരാമാചാര്യൻ താനിരിക്കെയെന്തു
മാനിച്ചു മറ്റുള്ളോർ നിർത്തുന്നിതു പട?'
കർണ്ണന്റെ എന്തെല്ലാം പ്രത്യേകതകളാണ് കാവ്യസന്ദർഭത്തിൽ പ്രകടമാകുന്നത് ?
കണ്ടെത്തി എഴുതുക.

6. അർഥവ്യത്യാസം വരാതെ ലഘുവാക്യങ്ങളാക്കുക.
പിന്നീടെന്നോ, എങ്ങനെയോ കുന്നുകൾ ഭൂമിക്കുള്ളിലേക്ക് താണുതാണു പോകാനും പാടങ്ങൾ മാഞ്ഞുമാഞ്ഞുപോകാനും തുടങ്ങിയപ്പോൾ അക്കരയും ഇക്കരയും തമ്മിൽ തമ്മിൽ കാണാണ്ടായി.

7. (A) 'തൊണ്ടുചീഞ്ഞ മണമുള്ള
ഉപ്പുചേർന്ന രുചിയുള്ള
കടുംചായ നിറമുള്ള
കലശ് വെള്ളത്തിന്റെ മകൾ' (ആലപ്പുഴ വെള്ളം)
ദേശത്തെക്കുറിച്ചുള്ള എന്തെല്ലാം സൂചനകളാണ് ഈ വരികൾ നൽകുന്നത്?

**അല്ലെങ്കിൽ**

(B) 'വാടീവീണേക്കാം നാളെ-
ത്തയ്യുകൾ - പക്ഷേ, പുത്തൻ
വാടികളനുക്ഷണം
വിരിഞ്ഞേമതിയാവൂ!' (പ്രയാണം)
ശാസ്ത്രപുരോഗതിയെക്കുറിച്ചുള്ള ഈ കാഴ്ചപ്പാട് എത്രമാത്രം പ്രസക്തമാണ്?
നിങ്ങളുടെ നിരീക്ഷണങ്ങൾ കുറിക്കുക.

**8 മുതൽ 11 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5 സ്കോർ വീതം)**
**(4 ×5 = 20)**

8. താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗത്തെ പ്രധാന ആശയങ്ങൾ മൂന്നിലൊന്നായി ചുരുക്കി എഴുതുക.

പുസ്തകത്തിനുവേണ്ടി പട്ടിണിയും ദാരിദ്ര്യവും അനുഭവിക്കാൻ മടിക്കാത്തവരും ഉണ്ടായിട്ടുണ്ട്. ചാൾസ് ലാംബ് പട്ടിണികിടന്നു പുസ്തകം വായിച്ച ആളാണത്രേ. ഇറാസ്മസ് എന്ന വിശ്രുതനായ ഡച്ചു പണ്ഡിതൻ അഭിപ്രായപ്പെട്ടത് പണംകൊണ്ട് വല്ലതും വാങ്ങാനുണ്ടെങ്കിൽ പുസ്തകങ്ങളായിരിക്കണമെന്നും, ബാക്കിവന്നാൽ അതുകൊണ്ടും

© State Assessment Cell - SCERT Kerala

പുസ്തകം വാങ്ങണമെന്നാണ്. എമേഴ്സൺ പറയുന്നത്, ഒരു വലിയ മനുഷ്യനായിത്തീരണമോ വലിയ ഒരു വായനക്കാരൻകൂടി ആയിരിക്കണമെന്നാണ്. മഹാത്മാരായ മഹാത്മാരെല്ലാം വീഴ്ചകൂടാതെ ഇറങ്ങിക്കുളിച്ച ഒരേയൊരു പുണ്യതീർഥമാണ് പുസ്തകം. എല്ലാ പുസ്തകങ്ങളും ഭോജ്യങ്ങളല്ല. പലതും അഭക്ഷ്യങ്ങളാണ്. വായനയുടെ ലോകത്തിലാണ് ഇന്ന് ഏറ്റവും അധികം ഭക്ഷ്യവിഷബാധ നടമാടുന്നത്. വിഷം, ചെളി, കല്ല്, മരപ്പൊടി ഇവയ്ക്കൊക്കെ തുല്യങ്ങളായ ഗ്രന്ഥങ്ങളുണ്ട്. മികച്ച കൃതികൾക്കു വായനക്കാർ ഇല്ലാതിരിക്കുകയും പൊട്ടകൃതികൾക്ക് കണക്കില്ലാതെ വായനക്കാർ ഉണ്ടായിരിക്കുകയും ചെയ്യുന്ന ഒരു ദുരവസ്ഥയിലാണ് നമ്മുടെ ഇന്നത്തെ കിടപ്പ്. വായിക്കാൻ പാടില്ലാത്തവ, വായിക്കാൻ ആൾ കൂടുമ്പോൾ വായന സാമൂഹികമായ ഒരു വൻവിനയായിത്തീരുന്നു.

**9.** • 'അടിയന്തിരമാ ചീഫ്റിപ്പോർട്ടറായി പ്രമോഷൻ വേണം. ഇല്ലെന്നാൽ രാജിവയ്ക്കുന്നു. മന്ദിക്കണം.'

• 'പ്രത്യുൽപന്നമതിയും കൊതിയനുമായ ഉനക്ക് അത് റൊമ്പം ചിന്നപോസ്റ്റ്.'

(റസിഡന്റ് എഡിറ്റർ)

സന്ദർഭങ്ങൾ വിശകലനം ചെയ്ത് വെങ്കിടേശ അയ്യങ്കാർ എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ വ്യക്തമാക്കുക.

**10.** • "മൊബൈലിൽ വന്ന
ഒരു തമാശ വായിച്ച്
എനിക്ക്
വലംകൈയിൽ
ഒരു വിരൽകൂടി
മുളച്ചതായി തോന്നി" (അന്നന്നത്തെ മോക്ഷം)

• "ഞാനൊരാൾ മാത്രമെന്റെ മോണിട്ടറിൽ
ദൂരദൂരം വളർന്നുപോം സൈബറിൽ
വേറെയേതോ പ്രപഞ്ചസാരങ്ങളിൽ
ഭൂമി കൈവിട്ടൊരേകാന്തയാത്രകൾ"
(സൈബർ നിലാവ് – ആലങ്കോട് ലീലാകൃഷ്ണൻ)

നവമാധ്യമകാല ജീവിതത്തെക്കുറിച്ചുള്ള രണ്ട് കാവ്യഭാഗങ്ങളിലെയും നിരീക്ഷണങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**11. (A)** 'സ്ഫടികംപോലെ പരിശുദ്ധമായ വെള്ളം ആ അരുവിയിൽ ഞാൻ കണ്ടതാണ്. ഇനി ചെല്ലുമ്പോഴും അത് തെളിഞ്ഞിട്ടില്ലെങ്കിൽ തെളിയുന്നതുവരെ അതിന്റെ കരയിൽ കാത്തിരിക്കുക.' (വെള്ളത്തിന് തെളിയാതിരിക്കാനാവില്ല)

ബുദ്ധൻ നൽകുന്ന ഈ ഉപദേശം സമകാലിക സമൂഹത്തിനു നൽകുന്ന സന്ദേശമെന്താണ്? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

**അല്ലെങ്കിൽ**

**(B)** 'പൂത്തുലഞ്ഞു നിൽക്കുന്ന പറങ്കിമാവിൻ തോപ്പുകൾ, പൂഴിമണൽ നിറഞ്ഞ വഴിയോരങ്ങളിൽ കായ്ചുനിൽക്കുന്ന മുരിങ്ങാമരങ്ങൾ, പച്ചക്കുണുക്കിട്ട് കാറ്റിലാടി ഉലയുന്ന പുന്നമരസുന്ദരികൾ.' (മുരിങ്ങാമരത്തോപ്പ്)

ഇത്തരം വാക്യങ്ങൾ കഥാസന്ദർഭത്തെ ആകർഷകമാക്കുന്നതെങ്ങനെ? നൽകിയ സൂചനയും കഥയിലെ സന്ദർഭങ്ങളും വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

© State Assessment Cell - SCERT Kerala

**ചുവടെ നൽകിയ ചോദ്യത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (7 സ്കോർ)**

**(1x7 = 7)**

**12. (A)**

**മലയാളഭാഷാ ബിൽ നിയമസഭയിലവതരിപ്പിച്ചു**

തിരു : സർക്കാർ ഉത്തരവുകളും ജില്ലാകോടതി വരെയുള്ള വിധിന്യായങ്ങളും മലയാളത്തിലാക്കാൻ വ്യവസ്ഥചെയ്യുന്ന മലയാളം ഭാഷാബില്ലുമായി സംസ്ഥാന സർക്കാർ. ബിൽ നിയമമാകുന്നതോടെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പത്താം ക്ലാസ് വരെ മലയാളം നിർബന്ധമാക്കും. ഭാഷയുടെ വളർച്ച, പരിപോഷണം, പരിപാലനം എന്നിവ ഉറപ്പുവരുത്താനും ബിൽ ലക്ഷ്യമിടുന്നു.

- 'എന്റെ മാതൃഭാഷ നല്ലവണ്ണം പഠിച്ചതുകൊണ്ടുതന്നെയാണ് മറ്റുഭാഷകൾ വളരെ എളുപ്പം പഠിക്കാൻ എനിക്കു കഴിഞ്ഞത്.'

  (മാതൃഭാഷ : നമ്മുടെഉള്ളിൽ ഒഴുകുന്ന ജീവനദി)

തന്നിരിക്കുന്ന പത്രവാർത്തയും പാഠഭാഗവും വിശകലനം ചെയ്ത് 'പഠനം മാതൃഭാഷയിൽ' എന്ന വിഷയത്തിൽ കേരളപ്പിറവിദിനത്തിൽ അവതരിപ്പിക്കാനുള്ള പ്രഭാഷണം തയ്യാറാക്കുക.

**അല്ലെങ്കിൽ**

**(B)** ആശയം, ആസ്വാദനാംശങ്ങൾ, സമകാലികപ്രസക്തി എന്നിവ പരിഗണിച്ച് കവിതാഭാഗത്തിന് ആസ്വാദനം തയ്യാറാക്കുക.

മലമുകളിലിരിക്കെക്കൂട്ടിനു
കുളിർകാറ്റും കിളികളുമല്ലോ
തെളിമഞ്ഞു പുതച്ചുമിനുങ്ങുമൊ-
രിളവെയ്‌ലിൻ കളിചിരിയല്ലോ
അരുമയൊടെൻ കാൽക്കലൊതുങ്ങും
കരിയെഴുതിയ പൂക്കളുമല്ലോ
അരികത്തെപ്പൊന്തയിൽ വീടു-
ള്ളൊരു കിളിതൻ പേടിയുമല്ലോ

അകലത്തു മഴക്കാർ മൂടും
മലനിരയും താഴെത്താഴെ-
ക്കടലായി വിടർന്നുകിടക്കും
പടവുകൾ തൻ പച്ചയുമല്ലോ
പുതുമഴയിൽ മദംകൊണ്ടിളകും
പുഴയുടെ സംഗീതവുമല്ലോ

മലമുകളിലിരിക്കെക്കൂട്ടിനു
മിഴി നിറയെപ്പുലരിയുമഴകും
നിഴലോടും മേടുകളും പൂ-
ങ്കിളി പാടും പാടലുമല്ലോ.

**(മലമുകളിലിരിക്കെ – സുഗതകുമാരി)**

© State Assessment Cell - SCERT Kerala